കഥയുടെ കഥകൾ

കോവിലൻ

എന്റെ ആദ്യത്തെ കഥാപുസ്തകം ഒരു പലം മനയോലയാകുന്നു. ഈ പുസ്തകം 1957-ലാണ് പുറത്തിറങ്ങിയതു്. ഇതിൽ തറവാട്ട് എന്ന കഥ ചേർത്തിട്ടുണ്ടു്. തറവാട്ട് എഴുതി ഞാൻ പട്ടാളത്തിലെത്തി. ഇരുപത്തിരണ്ടു വർഷങ്ങൾക്കു ശേഷം തോറ്റങ്ങളെഴുതി ആത്മഹത്യ ചെയ്തിരിക്കുന്നു. ഒന്നും എഴുതാത്തപ്പോൾ എഴുത്തുകാരൻ മരിക്കുകയാണല്ലോ.

തോറ്റങ്ങളെക്കുറിച്ചു പറയുമ്പോൾ എ മൈനസ് ബി പരാമർശിക്കപ്പെടുന്നതെന്തിനു്?

'എ മൈനസ് ബി എഴുതിതീർത്തപ്പോൾ തോന്നിയ സംതൃപ്തി തോറ്റങ്ങൾ എഴുതിയിട്ടുണ്ടായോ?'

' എ മൈനസ് ബി എന്ന നോവലിന്റെ കർത്താവായ താങ്കളുടെ അധഃപതനം, ഈയ്യിടെ താങ്കൾ പ്രസിദ്ധപ്പെടുത്തുന്ന വസ്തുക്കൾ - തോറ്റങ്ങൾ ഉൾപ്പെടെ- ഒന്നുകിൽ ഒരു കിറുക്കന്റെ ജൽപ്പനങ്ങളാണു്. അല്ലെങ്കിൽ കൈവന്ന പ്രശസ്തിയുടെ തണലിൽ എന്തുമാകാമെന്ന അഹന്തയുടെ സന്താനം.'

'തോറ്റങ്ങളെന്ന നീണ്ട കഥയാണു് ഈ കത്തെഴുതുന്നതിനു പ്രേരിപ്പിക്കുന്നതു്. അതിനുമുമ്പു് പ്രസിദ്ധീകരിച്ച ആണോ പെണ്ണോ? അമ്മിണി എന്നീ കഥകളും അതിനു പ്രേരിപ്പിക്കാതിരുന്നില്ല. ഈ തുറയിലുള്ള താങ്കളുടെ ചലനം. എ മൈനസ് ബി യിലും ഏഴാമെടങ്ങളിലും അതിന്റെ സ്പന്ദനങ്ങളില്ലെന്നില്ല.'

1968-ൽ ഞാൻ നാട്ടിൽ തിരിച്ചെത്തി. എന്റെ പക്കൽ താഴ്‌വരകളുടെ നക്കൽ ഉണ്ടായിരുന്നു. 'ചലിപ്പിക്കുന്നതോ, ത്രസിപ്പിക്കുന്നതോ, ചിന്തിപ്പിക്കുന്നതോ, ചിരിപ്പിക്കുന്നതോ അല്ലാത്ത ഒട്ടനേകം സംഭവങ്ങൾ ഒന്നിനു പിറകെ ഒന്നായി വിവരിക്കപ്പെട്ടിരിക്കുന്ന' താഴ്‌വരകൾ എന്ന നോവൽ ആലോചിച്ചു നടക്കുമ്പോൾ എനിക്കു തല ചുറ്റിയിട്ടുണ്ടു്.

ക്യാപ്റ്റൻ പ്രഭാകർ എന്ന കഥാപാത്രത്തെ അയാളുടെ ടെൻറിൽ അവതരിപ്പിക്കുന്ന ഭാഗം എവിടെവെച്ചാണെഴുതിപ്പിടിപ്പിച്ചതെന്നു് എനിക്കോർമ്മ വരുന്നില്ല. ഈ പുസ്തകം തന്നെ എങ്ങനെ എവിടെവെച്ചു എഴുതിത്തുടങ്ങി എന്നും ഓർമ്മിക്കുന്നില്ല. കാൺപൂരിൽനിന്നാണു് താഴ്‌വരകളുടെ നക്കൽ കൊണ്ടുവന്നതു്. ഈ നോവലിൽ കഥ എഴുതിയിട്ടില്ല, കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടേ ഉള്ളൂ. എങ്ങനെ അവതരിപ്പിക്കണമെന്നു ആലോചിച്ചു കൊണ്ടാണു് നടത്തം. ക്യാമ്പസ്സിലെ വീതിയേറിയ റോഡിൽ ഞാൻ തെന്നിത്തെന്നി നടന്നു, ഓളം വെട്ടി ഞാൻ വീഴും. ഉടനെ പതുക്കെ ഞാൻ ഇരുന്നു. നടക്കുമ്പോഴാണു് എനിക്കിഷ്ടപ്പെട്ട കൂട്ടത്തിൽ ആലോചിക്കാൻ കഴിയുക. കഠിനാദ്ധ്വാനം ചെയ്യുമ്പോൾ വിശ്രമിക്കുകയാവും. ഞാൻ അൽപപ്രാണനാണല്ലോ. എന്റെ സഹപാഠികൾ എന്നെ പഴയാത്മാവെന്നു വിളിച്ചു. വഴിനീളെ അവരെന്നെ തോണ്ടിക്കുറി വെച്ചു. ഈയാമ്പുല്ലിന്റെ കതിരെടുത്തു് ചെവിക്കു മുകളിൽ വട്ടനെ മുണ്ഡനം ചെയ്തു എന്റെ മണ്ടക്കെറിഞ്ഞു ചോര പൊടിച്ചു. കണ്ണിൽ വെള്ളം നിറയ്ക്കാതെ ഞാൻ വഴി നടന്നിട്ടില്ല. അന്യരുടെ ശല്യം കൊണ്ടോ ജീവിതത്തിലെ ദുരിതങ്ങൾ കൊണ്ടോ ആകാം. എന്നിട്ടും ചങ്ങല കുലുക്കി ചിന്നം വിളിച്ചുടുക്കുന്ന മദയാനയായ കോവിലന്റെ ഇമേജെടുത്തുവെച്ചു കവിയെ കണ്ടെത്തി. ഇതിൽ അത്ഭുതമില്ലേ? ദി തിൻ റെഡ് ലൈൻ എന്ന സംജ്ഞ എത്ര അന്വർത്ഥമാണെനിക്കു്! ചൊകന്ന വരയുടെ പൊരുൾ എനിക്കു് അറിയാം. വിദ്യുൽപ്രസരമാപിനികൾ എത്രയോ കണ്ടിട്ടുണ്ടല്ലോ, എന്റെ തലച്ചോറിലെ ചൊകന്ന വരയെക്കുറിച്ചും എനിക്കു ധാരണയുണ്ട്. ഒന്നലറിയെണീക്കാൻ അട്ടഹസിക്കാൻ ആർപ്പു വിളിച്ചുകൂവാൻ തോന്നുമ്പോൾ നെഗറ്റീവ്

ബയാസ് കൊടുത്തു് ഡേഞ്ചർ പോയിൻറിൽനിന്നു സൂചിയെ ഇടത്തോട്ടാക്കുന്നു. അങ്ങനെ താഴ്വരകൾ നിത്തേണ്ടി വന്നു. നാട്ടിലെത്തി പകത്തെഴുത്താരംഭിച്ചു. അതെങ്ങനെയോ തീൻനു. ഹിമാലയം എഴുതണം. താഴ്വരകൾ പവ്തങ്ങളിലേക്കു കയറുകയാണു്. എഴുതാൻ ബുദ്ധിമുട്ടുണ്ടു്. നെഞ്ച് വേദനിക്കുന്നു. നെഞ്ചും പൊത്തിപ്പിടിച്ചിരുന്നെഴുതി. ഒരു വഷത്തിലധികം എഴുതി. വായിച്ചു നോക്കിയപ്പോൾ ഒരിടത്തും എൻെറ ഒരു തുള്ളി ജീവൻ ഇല്ല. എഴുതി നിറച്ച എല്ലാ നോട്ടുപുസ്തകങ്ങളും കെട്ടിയെടുത്ത് കുഴിയിലിട്ടു തീയിട്ടു. ചാരം കയറിയ അവസാനത്തെ ചീന്ത് കടലാസ് കത്തിപ്പറക്കും വരെ ഇളക്കി കത്തിച്ചു. വിയക്കുകയും ചെയ്തു. കഥയെഴുതി ജീവിക്കാമെന്നു മോഹിച്ചിട്ടാണു് വീട്ടിൽ വന്നുപറ്റിയതു്. ആരോഗ്യമുണ്ടായാൽ വീണ്ടും എഴുതാം. ചികിത്സയും ഉണ്ടായിരുന്നു. നെഞ്ചിലെ ഒരെല്ലിൻെറ പുറമടരിലെ ടിഷ്യുവിനു നിസ്സാരമായ പഴുപ്പാണെന്ന നിഗമനത്തിൽ ഡോക്ടർ ജോസ് എത്തി. മദ്ധ്യവയസ്സിലെ നെഞ്ചുവേദനക്കാരിൽ എഴുപതു ശതമാനത്തിൻേറയും തകരാറു് ഇത്തരം പഴുപ്പാണു പോലും. പുരട്ടാൻ ടപ്പൻറൈൻ തന്നു. വേദന കാണെക്കാണെ കുറഞ്ഞു. നീണ്ടൊരു പ്രയത്നം തുടങ്ങാൻ എന്നിട്ടും ധൈര്യമില്ല. ഉറക്കമൊഴിക്കാനും എഴുതാനും ശീലിക്കണം. ഇപ്പോൾ ഞാനൊരു തുടക്കക്കാരനാകുന്നു. ഒരു കഥ. അതെഴുതി.

രണ്ടാമതൊരു കഥ. അതും എഴുതി. എഴുത്തു് എനിക്കെന്നും സാഹസമാകുന്നു. സുഖകരമായ ഭക്ഷണം പാടില്ല. നിറച്ചുണ്ണാൻ വയ്യ. ധാരാളം വെള്ളം കുടിക്കുന്നതു കൊണ്ടു് ഉറക്കം കിട്ടില്ല. ഉറക്കം പിടിച്ചാൽ മൂത്രശങ്കയായി. എണീറ്റാൽ വീണ്ടും വെള്ളം കുടിക്കുന്നു. ഉറങ്ങാൻ പാടില്ല. എഴുതാനുള്ളതു് തീത്തല്ലാതെ നേരെചൊവ്വെ ഉറക്കമില്ല. എൻെറ തലയിൽ നിലാവാകുന്നു. എനിക്കു ഭ്രാന്താകുന്നു. എന്നും ഞാൻ എഴുതിയതു് ഭ്രാന്തൻെറ ജൽപനം മാത്രമാകുന്നു. ഓരോ കഥ തീരുമ്പോഴും ആത്മവിശ്വാസം തിരിച്ചു കിട്ടുന്നു. ഒരാഴ്ച വരെ ഇരിക്കാം, സഹിക്കാം. എന്നിൽ നീണ്ടകഥ എഴുതി നോക്കാം. നോവലെന്ന ശിൽപത്തോടടുക്കാമോ എന്നറിയാൻ പണ്ടു് തറവാടെഴുതി നോക്കി. അതെനിക്കു് വീട്ടിലിരുന്നു് പകത്തിത്തീക്കാൻ ആയില്ല. ഏതാണ്ടു് ഇത്തരമൊരു ഗതികേടിൽ നീണ്ടകഥ എന്നെക്കൊണ്ടെത്തിച്ചു.

ആറാടിക്കടവിൽ ചേന്നപ്പൻ.

ചേന്നപ്പൻെറ ഭായ് ഉണ്ണിമോൾ.

മക്കൾ: മാലു, നന്ദിനി, ദേവയാനി, ദിവാകരൻ, ഗോപി, അവരുടെ വെള്ളപ്പട്ടി.

തെക്കേക്കരയിൽ ഉണ്ണിമോളുടെ അച്ഛൻ മുത്തച്ഛൻ കുഞ്ഞാങ്ങള കുഞ്ഞാങ്ങളയുടെ മകൾ കാത്തിക.

ചേന്നാടൻ ശേഖരൻ.

ഓണപ്പറമ്പൻ നാരായണൻ. നാരായണൻെറ മകൻ വിജയകുമാർ എന്ന എഞ്ചിനീയർ.

പോസ്റ്റ്മാൻ കുഞ്ഞപ്പൻ.

മാടപ്പറമ്പിൽ മാധവൻ.

ആറാടിപ്പുഴ കടവ് മന പാലം അരയാൽ തിരുമേനി!

കടത്തുകാരൻ – മുത്തപ്പൻ.

പുഞ്ചപ്പാടം ചേന്നാടൻ തുരുത്തു് ചേന്നാട്ടമ്മ പൊന്നമ്മ.

ഇവരെല്ലാമാണല്ലൊ തോറ്റങ്ങളിൽ ഉള്ളതു്.

ഉണ്ണിമോളുടെ ജീവിതചരിത്രമായി ഈ കഥയെഴുതാം. തെക്കേക്കരയിൽ അവൾ കന്യകയായി തത്തിച്ചാടി നടന്നപ്പോൾ വിവാഹാലോചനകൾ വന്നു. ഒന്നും രണ്ടും അലസി. മൂന്നാമത്തെ ആലോചന നടന്നു. അവൾ അഞ്ചു മക്കൾക്കമ്മയായി. ഗോപി ദൽഹിയിൽ. ദിവാകരൻ കോമരം. മാലു താലൂക്കാപ്പീസിൽ. നന്ദിനിക്കു തുന്നൽ. ദേവയാനി ഹിന്ദി പഠിക്കുന്നു. ആറാടിക്കടവിൽ ചേന്നപ്പനെന്ന ഗോപീടച്ഛനിൽ നിന്നു് മക്കളുണ്ടായി എന്നല്ലാതെ ഉണ്ണിമോൾക്കും ചേന്നപ്പനും മാനസികബന്ധമൊന്നുമില്ല. അവൾ ആരേയും സ്നേഹിച്ചിട്ടില്ല. അവൾക്കു് അനുരാഗമെന്താണെന്നറിഞ്ഞുകൂടാ. എന്നിട്ടും ഖേദമുണ്ടു്. താമരശ്ശേരിയിലേക്കു് തന്റെ വിവാഹം നടന്നില്ലല്ലോ. അവളുടെ അറുപതാം കാലത്തു് താമരശ്ശേരിയിൽനിന്നു് ഓണപ്പറമ്പൻ നാരായണന്റെ മകൻ വിജയകുമാർ ആറാടിക്കടവിൽ വന്നു. പണ്ടു് തന്നെ പെണ്ണന്വേഷിച്ച നാരായണന്റെ മകനാണിതെന്നറിയുമ്പോൾ ഉണ്ണിമോൾ തളരുന്നു. ആ അമ്മ വിജയകുമാർ എന്ന എഞ്ചിനീയറെ വീട്ടു മുറ്റത്തു കാണുന്നു. അയാൾ വന്നതോ പട്ടികുഞ്ഞിനെ മുമ്പേർ കരാറാക്കാനും. ഇവിടെ അനുരാഗവുമുണ്ടു്. അനുരാഗം ദേവയാനിയും വിജയകുമാറും തമ്മിലാകുന്നു. അവർ ഒരബദ്ധവും കാണിച്ചിട്ടില്ല. പുഴക്കടവിൽ കുളിക്കാൻ നേരത്തു് കണ്ടിട്ടുണ്ടു് എന്നു മാത്രം. അമ്മയ്ക്കൊന്നുമറിഞ്ഞുകൂടാ. വിജയകുമാർ തന്റെ മകനോ കാമുകനോ? ഓണപ്പറമ്പൻ നാരായണൻ തന്നെ കൊണ്ടു പോയിരുന്നെങ്കിൽ, ഈ മകൻ തന്റെ വയറ്റിൽ ഊറിയേനെ. അതുണ്ടായില്ലല്ലോ. അവൾ അവനിൽ അവന്റെ അച്ഛനെ കാണുന്നു. ഓടപ്പഴം, ഓടപ്പഴമ്പോലൊരു കൊച്ചനാണെന്നു മാത്രമാണല്ലൊ കല്യാണമാലോചിച്ച ചെറുക്കനെക്കുറിച്ചു് അവൾ കേട്ടിട്ടുള്ളതു്. അവൾക്കൊന്നു മുകരണം വാരിപ്പുണരണം.

ഇങ്ങിനെ ഒരു കഥ ഉണ്ടായിക്കൂടെ? ഈ കഥ തന്നെ മുമ്പെഴുതപ്പെട്ടിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. മനുഷ്യബന്ധങ്ങൾ സാമാന്യേന സമാന്തരമായിട്ടേ കണ്ടിട്ടുള്ളൂ. മനുഷ്യബന്ധങ്ങളിലൂടെ ഇന്ത്യയെക്കണ്ടെത്താമെന്ന ധാരണയിലാണു് താഴ്വരകളിൽ കഥാപാത്രങ്ങളെ അവതരിപ്പിച്ചതു്. ആ കഥാപാത്രങ്ങളാകട്ടെ എന്റെ കൂടെ ജീവിച്ചവരാകുന്നു. ഉണ്ണിമോളും ചേന്നപ്പനും ജീവിച്ചിരിപ്പുണ്ടു്. നാരായണൻ മരിച്ചു പോയി. വിജയകുമാർ എഞ്ചിനീയറല്ല, സ്കൂൾമാസ്റ്ററാണു്. പടിഞ്ഞാറെ നടയിലേക്കു് ബസ്സു് കയറാൻ ആഞ്ഞു വീശി നടന്നു പോകുന്ന അയാളെ നിങ്ങളിൽ ചിലരെങ്കിലും കണ്ടിട്ടുണ്ടാവും. തോറ്റങ്ങളിലെ കഥാപാത്രത്തിന്റെ മോഡലാണെന്നറിയാത്തതു കൊണ്ടു് ശ്രദ്ധിച്ചിട്ടുണ്ടാവില്ല എന്നേ ഉള്ളൂ.

ജീവിച്ചിരിക്കുന്ന ഉണ്ണിമോൾക്കു് ഏഴു മക്കളുണ്ടു്. അവർക്കു് പേരക്കിടാങ്ങളുണ്ടു്. കാഴ്ചക്കു് ഉണ്ണിമോളുടെ ജീവിതം സംതൃപ്തമാകുന്നു. എനിക്കവരെ അറിയാം. അറിയാമെന്നു്! എന്നെത്തന്നെ എനിക്കറിഞ്ഞുകൂടല്ലോ. ഒന്നോ രണ്ടോ തവണ ഞാനും വിജയകുമാറും കൂടെ ഉണ്ണിമോളുടെ വീട്ടിൽ പോയിട്ടുണ്ടു്. അയാളെ പരിചയപ്പെടുത്തിയപ്പോൾ ഉണ്ണിമോൾ എന്ന അമ്മക്കു് ഭാവപ്പകർച്ചകളെന്തെങ്കിലും ഉണ്ടായതായി എനിക്കനുഭവമില്ല. ചേന്നപ്പൻ എന്ന അച്ഛൻ മകളുടെ കൊരണക്കു് പിടിച്ചു. അവൾക്കു് നാക്കു തള്ളിപ്പോയെന്നു ഞാനറിഞ്ഞു. അയാളുടെ വിരൽപ്പാടുകൾ അനവധി ദിവസം അവളുടെ കഴുത്തിൽ നീലച്ചു കിടന്നു. ഈ സംഭവം ഞാനറിഞ്ഞിട്ടുണ്ടെന്നു ഉണ്ണിമോൾക്കു മനസ്സിലായിട്ടുണ്ടാവാം. അവർ തന്റെ പ്രാരാബ്ധങ്ങൾ എന്നോടു് പറയാൻ തുടങ്ങി. അലസിപ്പോയ വിവാഹാലോചനകൾ പരാമർശിക്കപ്പെട്ടു. വിവാഹത്തിനുശേഷം ഇന്നേവരെ സുഖമോ സമാധാനമോ എന്തെന്നു് അവരറിഞ്ഞിട്ടില്ല.

ചേന്നപ്പൻ എന്നേരവും വർത്തമാനം പറയുന്നു. അദ്ദേഹം ഭൂതകാലങ്ങളിൽ ജീവിച്ചു. ഞങ്ങൾ കടവു നടത്തുമ്പോൾ, കോൾപ്പടവുകൾ നിരത്തുമ്പോൾ, നാട്ടുപഞ്ചായത്തുകൾ

നടത്തുമ്പോൾ... അയാൾ ഇല്ലാത്ത കുടുംബ മഹിമയിൽ മേനി നടിക്കുകയും വെള്ളപ്പട്ടിയുടെ ബുദ്ധിയുള്ള കുട്ടികളെ മുമ്പേറ് വിറ്റ് കാശാക്കുകയും ചെയ്യുന്നു. ഇതത്രേ പെൺകൊടയെക്കുറിച്ചും അയാൾക്കുള്ള ധാരണകൾ. മൂന്നു പെൺമക്കളുണ്ട് പുരനിറഞ്ഞു നില്ക്കുന്നു. മാനം മര്യാദയ്ക്കൊരു വിവാഹാലോചന വന്നാൽ ചേന്നപ്പന്റെ തോറ്റം കേട്ട് മടങ്ങുകയാണ്. എനിക്കതു വയ്യ. കേട്ടുകൊണ്ടേ ഇരിക്കണം. മറ്റെന്തെങ്കിലും കാര്യങ്ങളാലോചിച്ച് അയാളുടെ മുന്നിൽ ഞാനിരുന്നു. വല്ലപ്പോഴും ഒന്നു മൂളിക്കൊടുത്തു. കോട്ടപ്പുറത്തു നിന്നോ ചമ്രവട്ടത്തു നിന്നോ ആറാടിക്കടവിലേക്കു വന്ന കുലകൂടസ്ഥനായ മുത്തപ്പനെക്കുറിച്ചും ചേന്നപ്പൻ പറഞ്ഞു. അക്കാലത്തു ആറാടിക്കടവിനടുത്ത പ്രദേശങ്ങളിൽ മാപ്പിളമാരുടെ മുഷ്ക്കുണ്ടായിരുന്നു. അവരെ ഒന്നൊതുക്കാനാണത്രെ ഈ മുത്തപ്പനെ കുടുംബത്തോടെ കൊണ്ടുവന്നത്. ഇതു ചരിത്രമാകാം. ഈ ചരിത്രം തോറ്റങ്ങളിൽ ഇല്ല. സാമുദായിക വികാരങ്ങൾക്ക് സ്തോഭമുണ്ടാക്കാവുന്ന സംഭവങ്ങൾ ഞാൻ കൈകാര്യം ചെയ്യാറില്ല. എന്റെ കഥകളിൽ എല്ലാ മതക്കാരും ഉണ്ടാവും. പേരു കൊണ്ടാണ് നാം ഒരുത്തന്റെ മതം തീരുമാനിക്കുന്നത്! ഈഴവനെ നന്മയുടെ പ്രതീകമായും നസ്റാണിയെ തിന്മയുടെ പേക്കോലമായും കഥയെഴുതാൻ എനിയ്ക്കറയ്ക്കും. നീചവും നിന്ദ്യവുമായ മുൻവിധിയോടെ കഥാപാത്രങ്ങൾക്കു പേരിട്ടിറക്കുന്ന ബെസ്റ്റ്സെല്ലർ വായിക്കുമ്പോൾ ഞാൻ മനസാ പ്രാർത്ഥിക്കുന്നു. കർത്താവേ, നീ ചെയ്യുന്നതെന്തെന്ന് നിനക്കറിഞ്ഞുകൂട!

ചേന്നപ്പന്റെ കഥകൾ ധാരാളം കേട്ട കാലത്താണ് വേണ്ടാംകടി എഴുതിയത്. ഏറെക്കാലം കഴിഞ്ഞ് ഉണ്ണിമോൾ എന്ന അമ്മ എന്റെ വീട്ടിൽ വരാനിടയാവുകയും ഓണപ്പറമ്പിലേക്കൊന്നു പോകണമെന്ന് താൽപര്യപ്പെടുകയും ചെയ്തു. അവർക്കു വിജയകുമാറിന്റെ അമ്മയെ കാണണം. അവരോട് വർത്തമാനം പറയണം. ക്ഷേമമാരായണം. ഇപ്പോൾ എന്നിലെ കഥാകൃത്തുണരുകയായിരുന്നു. പിന്നീടേതോ വെക്കേഷൻ വന്നു. പഴയ പാട്ടുകളും മുത്തശ്ശിക്കഥകളും ശേഖരിക്കുവാൻ കുട്ടികളോട് കുട്ടേട്ടനെഴുതി. ചേന്നപ്പൻ എന്ന ഗോപീടച്ഛൻ എന്റെ വീട്ടിൽ വന്നു. എന്റെ മക്കൾ അദ്ദേഹത്തെ പിടികൂടി, അവർക്കുവേണ്ടി പാട്ടുകൾ ഞാൻ പകർത്തി. 'കാറ്റും മഴക്കാറുമേറ്റം കൂരിരുട്ടും വന്നുകൂടി' എന്ന വഞ്ചിപ്പാട്ട് കിട്ടി.

തോറ്റങ്ങളിലെ പുഞ്ചപ്പാടം എനിക്കറിയാം. എനിക്കൊരു പത്തുവയസ്സുള്ളപ്പോൾ ആ പുഞ്ചപ്പാടത്തൂടെ, പുഴക്കരയിലൂടെ നടാടെ നടന്നു. അച്ഛനും അമ്മയും കൂടെ ഉണ്ടായിരുന്നു. അന്നാണ് ചൊകന്ന ആമ്പൽ പൂക്കൾ കണ്ടത്. ഞാനും ഒഴുക്കിലിറങ്ങി. അടിയന്തരാവസ്ഥ എന്നൊന്നുണ്ടെങ്കിൽ അത് മട വീണ കോൾവരമ്പത്താകുന്നു. അവിടെ ആണോ പെണ്ണോ കയ്യോ മെയ്യോ ഇല്ല. പുഞ്ചക്കൃഷി എന്ന കടംകഥയെക്കുറിച്ച് എനിക്കും മോഹങ്ങളുണ്ട്. തൃശ്ശൂർജില്ലയിലെ കോൾപ്പടവുകൾക്കൊരു മാസ്റ്റർപ്ളാൻ തയ്യാറാക്കിയ എഞ്ചിനീയർമാരുടെ പ്രവർത്തനറിപ്പോർട്ടുകൾ നിറഞ്ഞ പ്രതീക്ഷകളോടെ ഞാൻ വായിച്ചു. ഇത്തരം വാർത്തകൾ എന്നെ ഹരം പിടിപ്പിക്കുന്നു. ഭൂമി കന്യകയാണെന്നും അവൾ വളരുന്നതു കാണാൻ അൽപായുസ്സായ മനുഷ്യനു സാദ്ധ്യമല്ലെന്നും എനിക്കു ഖേദമുണ്ട്. പലേടത്തും സഞ്ചരിച്ച കൂട്ടത്തിൽ ഒട്ടേറെ കാഴ്ചകൾ ഞാൻ കണ്ടു. സെക്കന്തരാബാദിനും ഹൈദരാബാദിനുമിടക്കുള്ള തടാകത്തിന്റെ കരയിലൂടെ ഞാൻ നടന്നു. സന്ധ്യ മയങ്ങി. നിലാവുണ്ടായിരുന്നു. അങ്ങേക്കരയിലും റോഡുണ്ട്. ആ റോഡിൽ വിളക്കുകാലുകളുണ്ട്. റോഡും വിളക്കും വിളക്കുകാലുകളും ഞാൻ കാണുന്നില്ല. ഞാൻ തടാകത്തിലേക്കു നോക്കുന്നു. നിൽക്കുന്നു. നിലാവിൽ തടാകത്തിന്റെ നീലസ്ഫടികപ്പരപ്പിൽ ദീപസ്തംഭങ്ങളിറങ്ങിപ്പോകുന്നു. ദീപസ്തംഭങ്ങളല്ല. പൊൻതൂണുകളിറങ്ങുന്നു. പൊൻതൂണുകൾക്കു ചലനവും ജീവനും ഉണ്ട്. ഓരോന്നിനും ദീപ്തിപ്രസരമുണ്ട്. നിലാവും ജലപ്പരപ്പും പൊൻതൂണുകളുടെ ദീപ്തിപ്രസരവും അലകളിലലിഞ്ഞുചേരുന്നു. ഈ ദീപക്കാഴ്ചയുടെ മിന്നലാട്ടം തോറ്റങ്ങളിൽ നടത്തിനോക്കി. ഞാനും നിങ്ങളും മരിച്ചുപോകും. നമുക്കു

ശേഷമെങ്കിലും നമ്മുടെ കോ൦പ്പടവുകളിൽ ബണ്ടുകളും റോഡും വിളക്കുകാലുകളും നിലാവും നിറജലവും കുളിരലകളും ഉണ്ടാവും. ദീപസ്തംഭങ്ങളും.

തെക്കേക്കരയിലെ അച്ഛനും മുത്തച്ഛനും തോറ്റങ്ങളിലുണ്ടല്ലോ. അച്ഛനെ മാത്രമേ ഞാൻ കണ്ടിട്ടുള്ളു. കൃഷിക്കാരനായിരുന്നു. അദ്ദേഹം മക്കളെപ്പഠിപ്പിച്ചതു് കാവ്യവും രൂപവുമല്ല. മക്കൾ കൃഷിക്കാരും ഉദ്യോഗസ്ഥന്മാരും ആയി. അവരുടെ മക്കൾ ഇന്നു് ഗസറ്റഡ് റാങ്കിലുണ്ടു്. കൃഷിക്കാരുമുണ്ടു്. ഉണ്ണിമോളുടെ കുഞ്ഞാങ്ങള ഇന്നില്ല. അദ്ദേഹത്തിന്റെ മകൾ ഡോക്റ്ററല്ല. കഥയ്ക്കുവേണ്ടി കാർത്തിയെ ഡോക്റ്ററാക്കിയതാണ്. കോമരം തുള്ളുന്ന ദിവാകരനെന്ന മകനെയും മുറപ്പെണ്ണായ മോഡലിനേയും അമ്മയ്ക്കു് സ്വപ്നത്തിലൂടെ മാത്രമേ ഒന്നിച്ചുകാണാൻ വയ്ക്കു.

പോസ്റ്റ്മാൻ കുഞ്ഞപ്പനെ ചേന്നപ്പന്റെ വീട്ടിൽ വെച്ചാണ് കണ്ടതു്. അയാൾ പോസ്റ്റ്മാൻ അല്ല, കുഞ്ഞപ്പനുമല്ല. മാലു എന്ന പെൺകുട്ടിക്കു വീടിനടുത്തൊരുദ്യോഗം ശരിപ്പെടുത്താൻ സഹകരിക്കുകയെന്ന നാട്യത്തിൽ അയാൾ വന്നപ്പോൾ ദുർഭാഗ്യത്തിനു ഞാൻ ഉമ്മറത്തിരിക്കുന്നുണ്ടായിരുന്നു. ആ മനുഷ്യൻ സ്കൂൾ മാസ്റ്ററോ, പെൻഷൻ പറ്റിയ സ്കൂൾ മാസ്റ്ററുടെ സന്തതിയോ ആകുന്നു. ഉദ്യോഗക്കാര്യം പറഞ്ഞുവന്ന അയാൾ ബാഗിൽനിന്നു ജാതകക്കുറിപ്പുകളെടുത്തു. അവിവാഹിതരായ മദ്ധ്യവയസ്ക്കരുടെ നോമിനൽ റോൾ വായിച്ചു. അയാൾക്കിനി വേണ്ടതു്, മാലുവിന്റെ വയസ്സെത്ര, നക്ഷത്രമെന്തു്? അയാൾ വിസ്തരിച്ചൊരു കാപ്പിയും കഴിച്ചു. ഈയാളെ പോസ്റ്റ്മാനാക്കാൻ പ്രേരിപ്പിച്ച സംഗതികളുണ്ടു്. എനിക്കെത്രയോ പരിചയമുള്ള ഒരു പോസ്റ്റ്മാൻ നാട്ടുകാര്യസ്ഥനും ദല്ലാളും മറ്റുമാകുന്നു. വസ്തുക്കൾ വിൽക്കാനും വാങ്ങാനും അയാളെ ഏൽപിക്കാം. ഈ തൊഴിൽ നടത്തി സ്വന്തം പേരിൽ അൽപസ്വൽപം വസ്തുവകകൾ വാങ്ങിയിട്ടുമുണ്ടു്. കഥയിൽ പോസ്റ്റ്മാനെ കൊണ്ടുവന്നാൽ ദൽഹിയിൽനിന്നുള്ള എഴുത്തിലൂടെ ഗോപി എന്ന മകനെ ഭംഗിയിൽ അവതരിപ്പിക്കാം.

ജാതി-ജന്മി വ്യവസ്ഥകൾ എന്നെ വേദനിപ്പിച്ചിട്ടുണ്ടു്. ജന്മി എന്റെ കുടുംബത്തെ സഹായിച്ചിട്ടും ഉണ്ടു്. എന്റെ അച്ഛൻ പിഴച്ചതു് അയലത്തെ ഒരു പ്രഭുകുടുംബത്തിന്റെ ദയയിലാണ്. 'എന്റെ ഇരക്കുടലിൽ അവരുടെ വറ്റു കിടക്കുന്നുണ്ടു്' എന്നേ അച്ഛൻ പറയൂ. ആ വീടിന്റെ പടിക്കലൂടെ ഇന്നും പതയ്ക്കുന്ന നെഞ്ചോടെ മാത്രമേ എനിക്കു നടക്കാൻ കഴിയൂ. അവരുടെ കഞ്ഞി ഇല്ലായിരുന്നെങ്കിൽ ഒരുപക്ഷേ ഞാൻ ഉണ്ടാകുമായിരുന്നില്ല. എന്റെ അച്ഛൻ ഏഴോ എട്ടോ വയസ്സിൽ മരിച്ചുപോയേനെ. ഞാനറിഞ്ഞേടത്തോളം പൂർവ്വപിതാക്കളെ ദ്രോഹിച്ചതു ജന്മിയുടെ സിൽബന്തികളും കാര്യസ്ഥന്മാരുമാകുന്നു. അവർ ഞങ്ങളുടെ പുരയിടത്തിൽ നിന്നും അയിനിയും പ്ളാവും മുറിച്ചുകൊണ്ടുപോയി. അവർ മാളിക തീർത്തു. രണ്ടോ മൂന്നോ വർഷം മുമ്പുവരെ ഒരുപറ നെല്ലിനു പതിനഞ്ചു രൂപാ വിലയായപ്പോൾ മാത്രം മാളികക്കാരൻ അറ തുറന്നു. ദിവസക്കൂലി ആറും മൂന്നും എന്നായപ്പോൾ അയാൾ പ്രാരാബ്ധങ്ങൾ നിരത്തി. കുടികിടപ്പവകാശം വന്നപ്പോൾ ഞാനിന്നു മരിക്കുമെന്നു് വ്യാകുലപ്പെട്ടു.

എന്റെ അച്ഛനു മനയ്ക്കലെ മൂത്ത നമ്പൂതിരിയെ പരിചയമുണ്ടായിരുന്നു. അച്ഛന്റെകൂടെ ഞാനും മനപ്പടിക്കൽ പോയി. ആ തിരുമേനി എന്നോടു സ്നേഹപൂർവ്വം പെരുമാറി. പഞ്ചപുച്ഛമടക്കാൻ അച്ഛൻ പഠിപ്പിച്ചതു് അദ്ദേഹത്തിന്റെ മുന്നിൽ ഞാൻ മറന്നുപോയി. സംസ്കൃതം പഠിക്കുന്നു എന്നറിഞ്ഞപ്പോൾ അദ്ദേഹം ഉറക്കെ സന്തോഷിച്ചു. ഞാൻ താമസിക്കുന്ന ഈ പുരയിടം രണ്ടണ വെറുംപാട്ടത്തിനു് അദ്ദേഹം തന്നതാകുന്നു. മന എന്ന

നെടുംകോട്ട കായ്സ്ഥന്മാർ തകക്ക്കയും ഉണ്ണികൾ പട്ടിണിയാവുകയും ചെയ്തു. മിച്ചവാരം ഇരന്നു വാങ്ങിച്ചു അവർ വെച്ചു കുടിച്ചു.

ആറാടിമനയാണല്ലോ തോറ്റങ്ങളിൽ. ആറാടിക്കടവിനടുത്ത ഇല്ലം ഇന്നും നിറഞ്ഞിട്ടാണ്. ഒരുപറ നെല്ലന്വേഷിച്ചു വരുന്ന തിരുമേനിയെ കഥയിൽ അവതരിപ്പിക്കുമ്പോൾ എന്റെ ജന്മിയെയാണ് മനസ്സിൽ കണ്ടതു്. ജന്മി എന്ന സംജ്ഞ മുഴുവൻ എനിക്കു കാണ്ടാമൃഗമല്ല.

ചേന്നാടൻ ശേഖരൻ ആരാണെന്ന് എനിക്കറിഞ്ഞുകൂടാ. ആരും ആകാം. അയാളാണല്ലോ ഇക്കാലങ്ങളിൽ ജീവിതത്തിന്റെ വിധാതാവ്. കള്ളക്കടത്തിനുവേണ്ടി ചേന്നപ്പൻ തോണിയെടുത്തിട്ടുണ്ട്. പലേ കഥകളും അതേക്കുറിച്ചു പറഞ്ഞിട്ടുമുണ്ട്.

മാടപ്പുറമ്പൻ മാധവന്റെ ഉള്ളുകള്ളികൾ പറഞ്ഞില്ല. പണ്ടൊരാൾ ആറാടിക്കടവിൽ പെണ്ണന്വേഷിച്ചെത്തി. കുട്ടി പഠിക്കാൻ പോയി. അയാൾക്ക് കാണണം. അച്ഛൻ മകളെ കാണിക്കാൻ പുറപ്പെട്ടു. ക്ലാസ്സിനടുത്തു് ചുറ്റിപ്പറ്റി നിന്നു. മകളെ വിളിപ്പിച്ചു. ഇതാരച്ഛാ എന്നു മകൾ. നമ്മുടെ കന്നിനെ നോക്കാൻ വന്നവരെന്നച്ഛൻ. അയാൾക്കു മൂന്നാമത്തെ വിവാഹാലോചനയായിരുന്നു. അയാളുടെ സ്വത്തിൽ ഒരോഹരി നേരത്തേ കിട്ടണമെന്നു ചേന്നപ്പൻ ആവശ്യപ്പെട്ടു. മൂന്നാം വിവാഹക്കാരൻ പിന്നീടെന്തു ചെയ്തു എന്നെനിക്കറിഞ്ഞുകൂടാ. ആനയും വനങ്ങളും മറ്റുമുള്ള മഹാപ്രഭുവത്രെ ഇന്നയാൾ. വിവാഹത്തിന്റെ ആവശ്യവും പവിത്രതയും എന്തുമാകട്ടെ, കന്നുകച്ചവടത്തിന്റെ പൊരുളിൽ മാത്രം വിവാഹാലോചനകൾ നടക്കുന്നു. മക്കളുടെ പെൺകൊടയെക്കുറിച്ച് ചേന്നപ്പന്റെ ധാരണയെങ്കിലും ഇതേ പൊരുളിലാകുന്നു.

ഒരു ജീവിതചരിത്രം ആദിമദ്ധ്യാന്തങ്ങളിലൂടെ എഴുതി ഫലിപ്പിക്കാൻ എന്നെക്കൊണ്ടായിട്ടില്ല. അതിനുവേണ്ട കഴിവെനിക്കില്ല. കഥ ഉണക്കിപ്പൊടിച്ച് കുറ്റിയിൽ നിറച്ച് ഇടിച്ചുവെച്ചിട്ടുണ്ട്. സൌകര്യമുള്ള സ്ഥലത്തുവെച്ച് തീ കൊടുക്കണം. ചീറ്റണം. പൊട്ടണം. വിരിയണം. അമ്മയുടെ സ്വപ്നത്തിലൂടെ കഥതുടങ്ങണമെന്നോ അവതരിപ്പിക്കണമെന്നോ തീരുമാനിച്ചതു് എപ്പോൾ എങ്ങനെ എന്നോർമ്മയില്ല. 'അച്ഛന്റെ പിമ്പേ ഉണ്ണിമോൾ പടിയിറങ്ങി' എന്നും 'ആപ്പും വിളിയും കേൾക്കായി' എന്നും രണ്ടുതരം തുടക്കങ്ങളുള്ള മൂന്നു കയ്യെഴുത്തുകോപ്പികൾ ഇപ്പോൾ എന്റെ മുന്നിലുണ്ട്. 'ആപ്പും വിളിയും കേൾക്കായി' എന്നാണ് ആഴ്ചപ്പതിപ്പിൽ വന്ന കഥയിലെ തുടക്കം. കോൾവരമ്പു പൊട്ടിയാൽ രണ്ടുമുണ്ടാവും.

'തെക്കേപ്പുറത്തു് നിറഞ്ഞ പുഞ്ചപ്പാടം കിടന്നേന്തി, തികഞ്ഞ മാസം പോലെ. അങ്ങ് ചേന്നാടൻ തുരുത്തിനുമീതെ മഴക്കാർ ഊന്നിറങ്ങി, പൊട്ടാറായ മുന്നൂർക്കുടം പോലെ. മഴക്കാറിന്റെ നനുത്ത നാഭികളിൽ വെയിൽനാളം തുട്ടുത്തുനിന്നു, പ്രസവം പോലെ'– എന്നാണ് തോറ്റങ്ങൾ എഴുതിത്തുടങ്ങിയതു്. പെറ്റതള്ളയല്ലേ അവൾ. ഉമ്മറത്തിരുന്നു മക്കളുടെ ഗതികേടിനെക്കുറിച്ചല്ലേ ഓർക്കുന്നതു്. തുടക്കം തന്നെ ഇങ്ങനെയാകട്ടെ എന്നു കരുതി. ചുമ്മാ അങ്ങെഴുതിയതല്ല. പുഞ്ചപ്പാടത്തിനക്കരെ ഊന്നിറങ്ങുന്ന മേഘങ്ങളും മേഘങ്ങൾക്കിടയിലൂടെ ചിതറിത്തെറിച്ചുവരുന്ന പ്രകാശനാളങ്ങളും ധാരാളം നോക്കി നിന്ന എനിക്ക് പ്രസവം എന്താണെന്നറിഞ്ഞുകൂടല്ലോ. പെറ്റ ആളുടെ സഹായം തേടണം. മുന്നൂർക്കുടമാണോ തൊണ്ണൂറാംകുടമാണോ? മുന്നൂർക്കുടം പൊട്ടി എന്ന പ്രസ്താവമെന്താണ്? താനെങ്ങനെ പെറ്റു? എങ്ങനെ കിടന്നു? തന്റെ പ്രസവം താൻ കണ്ടുവോ? വേദനയോ വിമ്മിഷ്ടമോ നിർവാണമോ മരണമോ ജനനമോ അനുഭവിച്ചതു്. വിവരണങ്ങളും ചോദ്യോത്തരങ്ങളും ഒന്നോ രണ്ടോ ദിവസം നടന്നു. എനിക്കുറക്കം വരാതായി. ഞാനൊന്നും മിണ്ടുന്നില്ല. എന്താ മിണ്ടാത്തു്? ഇപ്പം മിണ്ടരുതു്. ഞാനാലോചിക്കുകയാണ്.

എനിക്കുറക്കമില്ല. എന്നെത്തൊടാൻ പാടില്ല. എന്നോടു മിണ്ടാൻ പാടില്ല. ഞാൻ ആരോടും മിണ്ടില്ല. എന്റെ മക്കാൾക്കുത്സവം. ഇനി എന്തുമാവാം. അച്ഛന്റെ ശല്യമുണ്ടാവില്ല. അഥവാ ഒന്നുറങ്ങിയാൽ ഞെട്ടിയുണരുന്നതു തെളിഞ്ഞ ധാരണകളോടെയാകുന്നു. ആദ്യത്തെ വാചകം. ആദ്യത്തേതാകാൻ പോകുന്ന വാചകം ഓർത്തു നടക്കുകയാണല്ലോ. ഉറങ്ങി എണീക്കുമ്പോഴെല്ലാം അതേ വാചകമാണോ തെളിഞ്ഞു വരുന്നതു്, നേരെ എണീറ്റു വിളക്കിന്റെ തിരി നീട്ടി എഴുതാനിരിക്കുന്നു. എനിക്കു കഥയുടെ തുടക്കം കിട്ടി, തെക്കേപ്പുറത്തു നിറഞ്ഞ പുഞ്ചപ്പാടം കിടന്നേന്തി.

മേഘങ്ങളുടെ അവലോകനം ഇഷ്ടപ്പെട്ടെങ്കിലും ഒറ്റയടിക്കു കഥ പറയാൻ ഉമ്മറത്തിരിക്കുന്ന അമ്മയെക്കൊണ്ടാവില്ല. കഥ മുഴുവൻ അവസാനിക്കണമെങ്കിൽ ചേന്നപ്പൻ ദേവയാനിയെ കൊന്നിട്ടുവേണം. താൻ പെറ്റതിനെ അവളുടെ അച്ഛൻ കൊല ചെയ്യുന്ന കാഴ്ച അമ്മ കാണണം. ഇനി അമ്മയ്ക്കനുഭവിക്കാൻ ഈ ജന്മത്തൊന്നുമില്ലാതാവണം. നീണ്ടു നീണ്ടു വരുന്ന മകളുടെ നാക്കിൽ ജീവന്റെ നാളം പിടയ്ക്കുന്നതു് അമ്മ കണ്ടു. ദേവയാനി മരിക്കുന്നില്ല. പാതിയറുത്ത കഴുത്തോടെ റോഡിലൂടെ പൈക്കിടാവും പുരുഷാരവും ഓടിവരുന്നതുകൊണ്ടാവാം ചേന്നപ്പൻ പിടി വിട്ടു. അയാൾ ഇനിയൊരിക്കൽ മകളെ, മക്കളെത്തന്നെ കൊല ചെയ്യില്ല എന്നു് എനിക്കുറപ്പു പറയാൻ വയ്യ. ആ മനുഷ്യനും നൈരാശ്യത്തിന്റെ നെല്ലിപ്പടിയിലെത്തിയിട്ടുണ്ടു്. പക്ഷേ അമ്മയ്ക്കിനി ജീവിച്ചിരിക്കണ്ട. അപ്പോൾ അവൾ അവളുടെ അച്ഛനെ സ്വപ്നം കാണും, അച്ഛാ, എന്നെ കൊണ്ടുപോകൂ, എനിക്കീ പൊറുപ്പുമതി. അവിടന്നാണു് തോറ്റങ്ങൾ തുടങ്ങുന്നതു്.

തൊണ്ണൂറ്റൊമ്പതിൽ വെള്ളപ്പൊക്കത്തിന്റെ രാത്രിയിൽ ഉണ്ണിമോളും ഗോപി എന്ന കൈക്കുഞ്ഞും ചേന്നപ്പനും പ്രളയത്തിലൂടെ തെക്കേക്കരയിലേയ്ക്കു് യാത്ര ചെയ്തിട്ടുണ്ടു്. ആ കഥ അവരെന്നോടു് പറഞ്ഞിട്ടുണ്ടു്. അവളന്നു് ഗർഭിണിയാണെന്നു്, ഞാൻ തിരുത്തി. കൊച്ചുകുഞ്ഞായിരുന്നപ്പോൾ പുഴയിൽ വീണു പേടിച്ചിട്ടുണ്ടെന്നു ഒരു ഞായവും കഥയിലിറക്കി. ഈ ഞായം പലേടത്തും ഊട്ടു ചേർക്കാൻ പാകത്തിലാണെന്നത്രേ എന്റെ ധാരണ.

അമ്മയുടെ സ്വപ്നത്തിലൂടെ തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം അവതരിപ്പിച്ചപ്പോൾ ഉറഞ്ഞുനിൽക്കുകയായിരുന്നു മനസ്സു്. എത്ര തവണ പകർത്തി എഴുതിയോ അപ്പോഴെല്ലാം പ്രളയവും കോളിൽപെട്ട കടത്തുതോണിയും അവതരിപ്പിക്കുന്നേടത്തെല്ലാം ഞാനുറഞ്ഞിട്ടുണ്ടു്.

സ്വപ്നത്തിൽ പഴയൊരനുഭവം വിരിഞ്ഞുവരികയാണു്. പ്രളയത്തിൽ തോണിയിൽ അടിവയറ്റിൽ ചൂടു തേടുമ്പോൾ തോണിക്കൊമ്പത്തു തോറ്റം മൂളാൻ തുടങ്ങുന്നു. ചേന്നപ്പന്റെ തോണിപ്പാട്ടിലൂടെ കുലകൂടസ്ഥനായ മുത്തപ്പൻ അവതരിക്കപ്പെടുകയായി.

ചേന്നപ്പൻ പാടിത്തന്നു് പകർത്തി വെച്ച തോണിപ്പാട്ടിൽ പത്തും തികഞ്ഞ വേളിയെച്ചൊല്ലി വഞ്ചിക്കുകത്തു കേഴുന്ന നമ്പൂരാരുണ്ടു്. ആ ഭാഗം തോറ്റങ്ങളിൽ ഇല്ല. മാപ്പിളമാരെ നേരിടാൻ കുടിയിരുത്തപ്പെട്ട മുത്തപ്പൻ കഥയിൽ തോണിക്കാരനായി. മുങ്ങിപ്പോയ തോണിക്കാരനേയും പേറ്റുമരുന്നറിഞ്ഞു വരുന്ന തിരുമേനിയേയും തമ്മിൽ ബന്ധപ്പെടുത്തി. ഉള്ളതു പറയാനും ഇല്ലാത്തതെഴുതാനും എനിക്കു സാധിക്കും. സങ്കല്പകഥയെന്നു വിളിച്ചോളൂ.

ഒരു കഥയ്ക്കുവേണ്ടി നൊമ്പരം കൊള്ളുമ്പോൾ അവനവനറിയാതെ പലതും സംഭവിച്ചു പോകും. അങ്ങനെയാണു് കഴുത്തറ്റുപോയ പൈക്കിടാവിനെക്കിട്ടിയതു്. അറക്കാൻ കെട്ടിത്തട്ടിയ പശുക്കുട്ടി കയറു പൊട്ടിച്ചോടിയതു് എന്റെ മകൾ കണ്ടിട്ടുണ്ടു്. തോറ്റങ്ങളിൽ

പരാമര്‍ശിക്കപ്പെട്ട റോഡിലൂടെത്തന്നെയാണു് ഓടിയതു്. അവളുടെ കഴുത്തറ്റു പോയി. തല തുങ്ങിക്കിടന്നു. മുറിഞ്ഞ കണ്ഠനാളത്തിലൂടെ അവള്‍ നിലവിളിച്ചപ്പോഴൊക്കെ രക്തം ചീറ്റിച്ചിതറി. എന്റെ മകള്‍ ഈ കാഴ്ച കണ്ടതു് രണ്ടോ മൂന്നോ വര്‍ഷം മുമ്പാകുന്നു; എന്നിട്ടു് ഞാനൊരു കഥയെഴുതുമ്പോള്‍ മാത്രം അതെന്നോടു് പറഞ്ഞതെന്തിനെന്നു് എനിക്കറിഞ്ഞുകൂടാ. അറക്കാന്‍ കെട്ടിത്തട്ടിയ പൈക്കിടാവും ദേവാനിയും എനിക്ക് ഒന്നായിത്തോന്നി. പൈക്കിടാവിന്റെ പിമ്പേ ഓടിവന്നവരെ കഥയില്‍ വിട്ടുകളഞ്ഞു. മതത്തിന്റെ വൈകാരികാംശം വീണ്ടും തഴയുകയാണു് ചെയ്തതു്. ഹിന്ദുക്കള്‍ പശുവിനെ അറക്കാറില്ലല്ലോ. പക്ഷേ മനുഷ്യന്റെ സന്തതിയാണല്ലോ മകള്‍. അതുകൊണ്ടു് പൈക്കിടാവിന്റെ പിമ്പേ വാഴ്ത്തുവിളി ശരണം വിളി ആകാശത്തിനും ഭൂമിക്കും സ്തുതി ഹലേലൂയ്യ! തോറ്റങ്ങള്‍ എഴുതിയതില്‍ പിന്നെ അറക്കാന്‍ കെട്ടിയ കാള കശാപ്പുകാരനെ കുത്തിക്കൊന്നതും അറവു പോത്തു് കടലില്‍ ചാടി ആത്മഹത്യ ചെയ്തതും ശ്രദ്ധാപൂര്‍വ്വം വായിച്ചു.

1970 മാര്‍ച്ചിലാണു് തോറ്റങ്ങളെഴുതിത്തുടങ്ങിയതു്. മാര്‍ച്ച് 6നു് ശിവരാത്രിയായിരുന്നു. അന്നെന്റെ ഇളയമകള്‍ പെട്ടെന്നൊരു ചോദ്യം:

അച്ഛാ ശിവന്റെ കഴുത്തില്‍ എന്താ പാമ്പ്?

ഞാനെന്തു പറയും? അവള്‍ക്കു് വയസ്സേഴു്. എന്നാലും പറഞ്ഞു: കാളകൂടം കാളകൂടം എന്നൊരു വിഷം. ആ വിഷത്തിന്റെ ഒരു തുള്ളി മതി ലോകത്തിലെ മനുഷ്യരും മൃഗങ്ങളും പക്ഷികളും ചിത്രശലഭങ്ങളും ചെടികളും പുല്ലുകളും – അവള്‍ക്കു് തൃപ്തിയാവുന്നുണ്ടായിരുന്നു. ഒരൊറ്റത്തുള്ളി മതി ലോകം മുടിക്കാന്‍. ശിവനാകട്ടെ അതപ്പടി കുടിച്ചു. ശിവന്‍ മരിച്ചില്ല. വിഷം ശിവന്റെ കഴുത്തില്‍ തങ്ങി. ശിവന്റെ കഴുത്തു് നീലച്ചു പോയി. കാളകൂടം കഴിച്ചിട്ടും മരിക്കാത്ത ശിവന്റെ കഴുത്തില്‍ എത്ര സര്‍പ്പങ്ങള്‍ കിടന്നാലെന്തു്?

മകളുടെ ചോദ്യവും എന്റെതന്നെ വിശദീകരണങ്ങളും എനിക്കെത്രയോ ഉത്തേജനം നല്കി. ഈ സന്ദര്‍ഭം തോറ്റങ്ങളില്‍ സാധിച്ചിട്ടുണ്ടു്.

തോറ്റം ശീലിനോടു് എനിക്കഭിനിവേശമുണ്ടായിട്ടു് കാലം കുറച്ചായി. തോറ്റത്തിന്റെ പ്രിമിറ്റിവ് ശൈലിയില്‍ പരിശ്രമം നടത്തണമെന്നും ഞാനാശിച്ചിട്ടുണ്ടായിരുന്നു. ഏഴാമെടങ്ങളിലും താഴ്‌വരകളിലും ചില സന്ദര്‍ഭങ്ങളില്‍ ഈ ശീലു് ഞാനറിയാതെതന്നെ ഉറഞ്ഞുവന്നിട്ടുണ്ടു്. അപ്പോഴൊക്കെ പാടിപ്പാടി വാചകങ്ങളെഴുതി. ഭാഷയുടെ ഒഴുക്കെന്നോ റിഥമെന്നോ ഞാന്‍ വിളിക്കുന്ന ഈ ശൈലിക്കു് ഉണ്ണിമോളുടെ കഥ തികച്ചും യോജിച്ചു. ഉണ്ണാതെ ഉറങ്ങാതെ ഞാനെന്നെ തയ്യാറാക്കി. പുഞ്ചപ്പാടത്തിനുമീതെ ഊര്‍ന്നിറങ്ങിയ മേഘം പോലെ മുന്നൂര്‍ക്കടം പോലെ സ്വപ്നം കഥയെ പുതച്ചു. എത്ര തവണ മാറ്റി എഴുതിയോ! കഥയുടെ ഏകദേശരൂപം വാര്‍ന്നുവീണ നക്കലാണു് എന്റെ പക്കലുള്ള ആദ്യത്തെ കയ്യെഴുത്തുപ്രതി. മൂന്നു തവണ വീണ്ടും പകര്‍ത്തി. സന്ദര്‍ഭങ്ങള്‍ മുമ്പും പിമ്പും മറിച്ചും തിരിച്ചും എഡിറ്റ് ചെയ്യുകയാണപ്പോഴൊക്കെ ചെയ്യുന്നതു്. മൂന്നാമത്തെ പകര്‍പ്പു് പത്രാധിപക്കയച്ചു. 'തോറ്റത്തിന്റെ ശൈലിയില്‍നിന്നു് കുറേ ഭാഗങ്ങള്‍ അകന്നുപോയെ'ന്നു് അദ്ദേഹമെഴുതി. 'മെരുംപൂവു' പോലെ കഥ സീരിയലൈസ് ചെയ്തു. എന്നെ ഞെരിച്ചുകൊല്ലണമെന്നവരെ താക്കീതുകള്‍ കിട്ടി. 'തോറ്റങ്ങള്‍ വളരെ ഇഷ്ടമായി' എന്നു് ഉമേഷ് എഴുതി. എന്നെ ശാസിക്കുകയും ശകാരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുപോന്നിട്ടുള്ള ബാലകൃഷ്ണനു് ഇത്തവണ കഥ വളരെ ബോധിച്ചു. കാലം എന്ന ഘടകത്തെ സമര്‍ത്ഥമായൊതുക്കാന്‍ സാധിക്കാത്തതുകൊണ്ടു് തോറ്റങ്ങള്‍ പൊളിഞ്ഞുപോയെന്നു് വിദ്ഗ്ദ്ധാഭിപ്രായം കിട്ടി.

കുതിരയെ പിന്നിൽകെട്ടി വണ്ടി തള്ളിക്കുന്ന എൻെറ സമ്പ്രദായത്തെ ഞാനെത്രയോ തവണ ശപിച്ചിട്ടുണ്ട്. എന്നിട്ടും രക്ഷപ്പെടാനാവാത്തവണ്ണം ശീലം എന്നെ ആവേശിച്ചുപോയി. ഇതെന്നെ കൊന്നുകളയുമെന്ന് മേതിൽ രാധാകൃഷ്ണൻ ഭയപ്പെട്ടു.

വീണ്ടും തോറ്റങ്ങൾ തിരുത്തി എഴുതാനിരുന്നു. ആഴ്ചപ്പതിപ്പിൽ വന്നതിനുശേഷം എ മൈനസ് ബിയും പൊളിച്ചെഴുതിയിട്ടുണ്ട്. തിരുത്തി എഴുതുമ്പോൾ കഥാഘടനയിൽ തൊടാനെനിക്ക് കഴിഞ്ഞില്ല. തോറ്റങ്ങൾ പകർത്താനുപയോഗിച്ചു ബാക്കി കിടന്നിരുന്ന നോട്ടുപുസ്തകം യാദൃച്ഛികമായി കണ്ടെത്തി. എങ്ങനെയെല്ലാം മാറ്റങ്ങൾ വരുത്തി ഓരോ മാതിരി എഡിറ്റിങ്ങ് നടത്തി വേണ്ടെന്നു വെയ്ക്കുന്നുവോ, അതും അതിലധികവും മുമ്പെത്തന്നെ ശ്രമിച്ചുനോക്കിയതാകുന്നു. സ്വപ്നമെന്നും ജാഗരമെന്നും മറ്റും സന്ദർഭങ്ങൾക്ക് ഇടത്തലക്കെട്ടുകളെഴുതിച്ചേർത്തു. തോറ്റം മട്ടിൽനിന്നകന്നുപോയ ഭാഗങ്ങൾക്കു തോറ്റം ശൈലി കൊടുത്തു. അടിമുടി കൊടുക്കാനായില്ല. ഉറയുന്ന സാഹചര്യങ്ങളിൽ മാത്രമേ അതു നടന്നുള്ളു. വിജയകുമാർ എന്ന എഞ്ചിനീയർ അമ്മയ്ക്ക് മകനും കാമുകനുമായി തോന്നുന്ന ഭാഗത്തിനു കുറെക്കൂടെ മിഴിവു കൊടുത്തു. എന്നിക്കു തോന്നി ഒരു കുടുംബത്തിൻെറ, സ്ത്രീയുടെ കഥയായി, ഇതേ വൈക്കൂ. പുതിയ പതിപ്പ് പ്രസാധകനെ ഏൽപിച്ചു.

ഞാനെഴുതുന്നതെന്തും നല്ലതാണെന്ന ഭാവം എനിക്കില്ല. എഴുതുന്നതെന്തും നന്നാവണമെന്ന ആഗ്രഹം എനിക്കുണ്ട്. ഈ ആഗ്രഹം സഫലീകരിക്കാൻ പരമാവധി അദ്ധ്വാനം ചെയ്യാറുണ്ട്. ചക്രവാളങ്ങളെ ചുംബിക്കാനുയരുന്ന തിരമാലകളെക്കുറിച്ച് സുകുമാർ അഴീക്കോടിൻെറ പ്രഭാഷണം കേൾക്കാനിടയായി. പാവം സാഗരോർമ്മികൾ, ചക്രവാളത്തോളം അവരുടെ അധരങ്ങൾ ഉയരുമോ? അലച്ചുയന്ന് ഒരിടത്തും തൊടാനാകാതെ പൊട്ടിത്തകന്നുവീഴുന്നു. എന്നെക്കുറിച്ചല്ലേ അഴീക്കോട്ട് പറഞ്ഞതു്? എനിക്കെന്തൊക്കെ മോഹങ്ങൾ! ഞാൻ പൊട്ടിത്തകർന്നു വീഴുന്നു. കാലത്തിൻെറ അനന്തമഹാസമുദ്രത്തിലേയ്ക്കു വീഴുന്നു. എൻെറ പിമ്പെ തിര വരുന്നു, തിരമാലകൾ വരുന്നു. ഞാനൊറ്റയാനാകാം. പരിമിതപ്രഭാവനാകാം. പ്രസാധകൻെറ ബാധ്യതയാകാം. കാലത്തിൻെറ അനന്തമഹാസമുദ്രത്തിൽ ഞാനുണ്ട്. അവയോടൊപ്പം വീണ്ടും ചക്രവാളങ്ങളെ ചുംബിക്കാൻ ഞാനുയരുന്നു. തോറ്റങ്ങളെഴുതി കോവിലൻ മരിച്ചുവോ? മരണത്തിൽ എനിക്കു വിശ്വാസമില്ലല്ലോ. പിമ്പെ വരുന്ന തിരമാലകളിൽ ഞാൻ ജീവിക്കുന്നുണ്ടെന്നും അദമ്യമായ എൻെറ ഇച്ഛാശക്തി മേലിലും മേൽപോട്ടുയരുമെന്നും പറഞ്ഞില്ലേ?

©V.V. Ayyappan 1972

All rights reserved